പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2793 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ആധുനിക വൽക്കരണം

ചോദ്യം
ശ്രീ.എൻ.ഷംസുദ്ദീൻ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കെ.എസ്.ആർ.ടിസി. യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്താ ആസ്ഥാനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജെമെന്റിലെ പ്രൊഫസറായ ശ്രീ.സുശീൽ ഖന്നയെ (സർക്കാർ ഉത്തരവ് നം. G.O.(Rt) 367 /2016/Trans. തീയതി 24.09.2016 പ്രകാരം) കൺസൾട്ടന്റായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ആധുനിക വൽക്കരണത്തിലൂടെ കെ. എസ്. ആർ. ടി. സി: യുടെ നഷ്ടം കുറച്ചു കൊണ്ടുവരുവാൻ സാധ്യമാകുമൊയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ബി) | പ്രൊഫ. സുശീൽ ഖന്നയുടെ പൂർണ്ണ റിപ്പോർട്ട് സമർപ്പിച്ച് നടപ്പിൽ വരുത്തിയതിനുശേഷം മാത്രമേ വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത വിഷയം തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ചർച്ച നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ ആധുനികവത്കരണം നടത്തുന്നത് സംബന്ധിച്ച് തൊഴിലാളി സംഘടന നേതാക്കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. 01.04.2017-ൽ സുശീൽ ഖന്ന റിപ്പോർട്ടുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടന നേതാക്കളുമായി ബഹു. മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ വർക്ക്ഷോപ്പ് ഉൾപ്പടെയുള്ള ആധുനികവത്കരണത്തെപ്പറ്റി നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ